പ്രായം കൂടിയ അംഗൻവാടി വർക്കർമാരെയും ഹെൽപ്പർമാരെയും പിരിച്ചുവിടാൻ നടപടി

32 [970] ശ്രീ. യു. സി. രാമൻ :
,, സി. മോയിൻകുട്ടി :
,, ടി. പി. എം. സാഹിർ :
,, പി. കെ. കെ. ബാവ :
,, കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രായം കൂടിയ അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും പിഞ്ചുകുട്ടികളെ പരിപാലിക്കാൻ കഴിയില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവർക്ക് ആനുകൂല്യങ്ങൾ നൽകി പിരിച്ചുവിട്ട് പകരം പുതിയ വർക്കർമാരെയും ഹെൽപ്പർമാരെയും നിയമിക്കാൻ സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.സി.ഡി.എസിലെ അംഗൻവാടി പ്രവർത്തകരുടെ സേവനവിരാമത്തിനുള്ള പ്രായപരിധി കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടില്ല. സേവന വിരാമത്തിനുള്ള പ്രായപരിധി നിശ്ചയിച്ച് പിരിച്ചുവിടുന്നതും പുതിയ നിയമനങ്ങൾ നടത്തുന്നതും കേന്ദ്ര സർക്കാരിന്റെ തീരുമാനത്തിന് വിധേയമായേ സംസ്ഥാന സർക്കാരിന് തീരുമാനിക്കാൻ കഴിയുകയുള്ളു. ഇക്കാര്യം ഇപ്പോൾ ആലോചനയിലില്ല.

സിസിലിപുരത്തെ 23-ാം നമ്പർ അംഗൻവാടിക്ക് കെട്ടിടം നിർമ്മിക്കാൻ നടപടി

33 [971] ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെങ്ങാനൂർ ഗ്രാമ പഞ്ചായത്തിൽ 23-ാം നമ്പർ അംഗൻവാടിക്ക് കെട്ടിടം പണിയുന്നതിനായി സാമൂഹ്യക്ഷേമ വകുപ്പ് എം.ജി.പി. ഫണ്ടിൽ നിന്നും രണ്ടര ലക്ഷം രൂപ അനുവദിച്ചുവോ ; എങ്കിൽ എന്ന് ;

(ബി) അതിന്റെ പണി ആരംഭിച്ചുവോയെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും വ്യക്തമാക്കുമോ ;

(സി) ഈ തുക ചെലവഴിക്കുന്നതിനുള്ള അറിയിപ്പ് ബന്ധപ്പെട്ട ഐ.സി.ഡി.എസ്. സൂപ്പർവൈസർ വെങ്ങാനൂർ ഗ്രാമ പഞ്ചായത്തിന് നൽകിയോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഡി) ഇതിന് വീഴ്ച വരുത്തിയ ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ പേരിൽ നടപടിയെടുക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly